


# അമേരിക്കയുടെ 'ഇറാൻ ബോംബ്'

**മധ്യ-പൂർവ മേഖലയിലെ യുദ്ധം ഒഴിവായിക്കിട്ടാൻ സംഭവിക്കേണ്ട കാര്യങ്ങൾക്ക് വിദൂരസാധ്യതകൾ മാത്രമാണെന്നതാണ് ലോകമനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്നത്**

■ കെ. സഹദേവൻ



ബുഷഹറയിലെ ആണവറിയാക്ടർ

പ്രലോഭിപ്പിക്കുക, പ്രകോപിപ്പിക്കുക, ആയുധമണിയാൻ പ്രേരിപ്പിക്കുക, അധിനിവേശത്തിന് തയാറാവുക-അമേരിക്കയുടെ ഇറാൻ നയത്തെ സൂക്ഷ്മതയോടെ വിലയിരുത്തുന്ന ആർക്കും എളുപ്പം മനസ്സിലാക്കാൻ സാധിക്കുന്ന സംഗതിയാണിത്. ഇറാനിൽ മാത്രമല്ല, അഫ്ഘാനിസ്ഥാനിലും, ഇറാക്കിലും ഇതേ നയം തന്നെയാണ് അവർ അനുവർത്തിച്ചതും. ഊർജ്ജോല്പാദന കാര്യത്തിൽ സ്വയംപര്യാപ്തമായിരുന്ന ഇറാനെ എണ്ണശേഖരത്തിൽ വരാൻ പോകുന്ന കമ്മി ചൂണ്ടിക്കാട്ടി ഷാ ഭരണകാലത്ത് ആണവ സാങ്കേതികവിദ്യ സ്വീകരിക്കാൻ ഉപദേശിച്ചത് അമേരിക്കയായിരുന്നു. നേരിട്ട് സാങ്കേതിക വിദ്യാ കൈമാറ്റം നടത്തിയിരുന്നില്ലെങ്കിലും ഫ്രാൻസുമായി അത്തരമൊരു ഇടപാടിന് സൗകര്യമൊരുക്കിക്കൊടുക്കുന്നതിൽ അമേരിക്കയ്ക്ക് മുഖ്യ പങ്കുണ്ടായിരുന്നു.


എന്നാൽ, സ്ഥിതിഗതികൾ തങ്ങളുടെ താല്പര്യത്തിന് വിരുദ്ധമായി മാറിയ സാഹചര്യത്തിൽ ഇറാൻ അമേരിക്കയെ സംബന്ധിച്ചിടത്തോളം 'ചെകുത്താന്റെ സാമ്രാജ്യ'മായി മാറുകയായിരുന്നു. ഇറാൻ ആണവായുധ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്ന 'സത്യം' ലോകത്തോട് വെളിപ്പെടുത്തുന്നത് 27,000-ത്തോളം ആണവായുധങ്ങൾ സ്വന്തമായുള്ള ഒരു രാജ്യമാണ്! (അതിൽത്തന്നെ രണ്ടായിരത്തോളം ആണവായുധങ്ങൾ 'ലോഞ്ച് ഓൺ വാണിങ് സ്റ്റാറ്റസി'-ൽ മുന്നറിയിപ്പ് ലഭിച്ചാലുടനെ മിനിട്ടുകൾക്കകം തൊടുത്തുവിടാവുന്ന അവസ്ഥയിൽ-നിർത്തിയിരിക്കുകയാണ്). ആണവ പദ്ധതികൾക്ക് സമാധാനപരമായ ഉപയോഗം എന്നത് പൊയ്മുഖം മാത്രമാണെന്നും, സ്വാഭാവികമായും ആണവായുധ നിർമ്മാണത്തിലേക്ക് അവ നയിക്കപ്പെടുമെന്നും അറിയാത്തവരല്ല അമേരിക്കൻ അധികാരികൾ. എന്നാൽ, ഇറാൻ ആണവായുധ പരിപാടി രഹസ്യമായി നടത്തിവരുന്നുണ്ടെന്ന ഇസ്രായേൽ-അമേരിക്കൻ പ്രചാരണം ഒരു സൈനികാക്രമണത്തിനായുള്ള മുന്നൊരുക്കങ്ങളെക്കുറിച്ചുള്ള ബോധ്യത്തിലേക്കും ഇറാന് സ്വന്തമായി ആണവപദ്ധതികളൊന്നും തന്നെയില്ല എന്ന നിഗമനത്തിലേക്കും എത്താനാണ് സഹായിക്കുന്നത്. മധ്യ-പൂർവ മേഖലകളെ സംഘർഷഭൂമിയായി നിലനിറുത്താനും, തങ്ങളുടെ എണ്ണ താൽപര്യങ്ങൾ ഉറപ്പുവരുത്താനുമുള്ള അമേരിക്കയുടെ തന്ത്രമാണിത്.

കുറച്ചുകാലങ്ങളായി വാഷിങ്ടണിൽ നിന്നും ഇറാന്റെ ആണവബോംബ് 'ഭീഷണി'യെക്കുറിച്ച് ആവർത്തിച്ച് പ്രസ്താവനകൾ വന്നുകൊണ്ടിരിക്കുന്നു. ഇറാനിൽ സൈനികമായി ഇടപെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഭംഗ്യന്തരേണയുള്ള സൂചനകളും അവർ നടത്തിവരുന്നുണ്ട്. അതേസമയം, ഭരണമാറ്റത്തിനായി ഇറാനിൽ നടത്തുന്ന സൈനിക ഇടപെടൽ ബുദ്ധിശൂന്യമായ നടപടിയായിരിക്കുമെന്ന രീതിയിലുള്ള ഒരു പൊതുബോധം അമേരിക്കയിൽ നിലനിന്നിരുന്നു. ബുഷ് ഭരണകൂടം പോലും അത്തരമൊരു അവിവേകത്തിന് മുതിരില്ലെന്ന് വിശ്വസിച്ചിരുന്നു. ഈയൊരു പൊതുമനസ്സാക്ഷിയെ ഉലക്കുന്ന വിവരങ്ങളാണ് അടുത്ത കാലത്തായി കൂടുതൽ കൂടുതൽ വെളിപ്പെട്ടുവരുന്നത്.

## പരിഗണനയിലുള്ള സാധ്യതകൾ

ആണവായുധ നിർമ്മാണത്തിനായി ഇറാൻ ശ്രമിക്കുന്നുവെന്ന് അമേരിക്ക ആവർത്തിച്ച് പ്രസ്താവിക്കുകയും ഒരു സാഹചര്യത്തിലും അത് അനുവദിക്കാൻ സാധ്യമല്ലെന്നു പറയുകയും ചെയ്യുന്നു. ഇതിനെതിരെ സൈനിക ഇടപെടലോ, ആണവായുധങ്ങളുടെതന്നെ ഉപയോഗമോ

ആയത്തുള്ള ഖൊമൈനി



പരിഗണനയിലുണ്ടോ എന്ന ആ ചോദ്യത്തിന് ഒബാമാ ഭരണകൂടം നൽകുന്ന മറുപടി 'എല്ലാ സാധ്യതകളും പരിഗണനയിലുണ്ടെ'ന്നാണ്.

ഇറാന്റെ ആണവ പദ്ധതികളിന്മേൽ നിഗൂഢതയുടെ ആവരണം നിലനിൽക്കുന്നുണ്ട് എന്നത് സത്യമാണെങ്കിൽ കൂടിയും (ലോകത്തെമ്പാടുമുള്ള ആണവ സംബന്ധിയായ മുഴുവൻ പ്രവർത്തനങ്ങളിലും ഇത്തരം രഹസ്യാത്മകത ഒളിഞ്ഞുകിടക്കുന്നുണ്ടെന്നതാണ് വാസ്തവം. ഇന്ത്യ ആണവ വിസ്ഫോടനം നടത്തുന്ന തീരുമാനം ഇന്ത്യൻ പ്രതിരോധ മന്ത്രി അറിയുന്നത് സ്ഫോടനത്തിന് ഒരു മണിക്കൂർ മുമ്പ് മാത്രമായിരുന്നു) ഇറാനെതിരായി അമേരിക്ക നടത്തുന്ന കുറ്റാരോപണത്തിൽ വാസ്തവികതയുടെ അംശം ഒട്ടും തന്നെയില്ല. ഇറാന്റെ തന്നെ നിസ്സഹകരണവും തെറ്റായ പ്രസ്താവനകളും അടിസ്ഥാനപ്പെടുത്തിയാണ് യഥാർത്ഥത്തിൽ ഇത്തരമൊരു ആരോപണം ഉയർന്നുവരാനിടയായത്.

ഉദാഹരണത്തിന്, സമ്പുഷ്ട യുറേനിയം നിർമ്മിക്കാനാവശ്യമായ സെൻട്രിഫ്യൂഗൽ എൻറിച്ച്മെന്റ് പ്ലാന്റ് സ്വന്തമാക്കിയത് ബുഷഹറിലുള്ള ആയിരം മെഗാവാട്ട് വി.വി.ഇ.ആർ. റിയാക്ടറുകൾക്ക് വേണ്ടിയാണെന്ന ഇറാന്റെ അവകാശവാദം ശുദ്ധമായ അസംബന്ധമാണ്. കാരണം, ഈ നിലയത്തിനാവശ്യമായ ഇന്ധനം ലഭ്യമാക്കേണ്ട ചുമതല ആണവ നിലയങ്ങൾ എത്തിച്ചുകൊടുത്ത റഷ്യയ്ക്കു തന്നെയാണ്. (തമിഴ്നാട്ടിലെ കൂടംകുളത്ത് നിർമ്മിച്ചതും ഇതേ റഷ്യൻ നിർമ്മിത വി.വി.ഇ.ആർ ടൈപ്പ് നിലയങ്ങളാണ്. കരാറിന്റെ സ്വഭാവംപോലും ഏതാണ്ട് സമാനമാണ്).

ഇന്ധനലഭ്യതയെക്കുറിച്ചുള്ള ഇറാന്റെ ഉത്കണ്ഠ അസ്ഥാനത്തുള്ളതല്ല. സ്വന്തമായി സമ്പുഷ്ടീകരണ സംവിധാനം ഉണ്ടായാൽ മാത്രമേ ഇന്ധനലഭ്യത ഉറപ്പുവരുത്താൻ കഴിയൂ എന്ന് അവർ വിശ്വസിക്കുന്നു. ആണവായുധ നിർവ്യാപനകരാറിൽ ഒപ്പുവെച്ച ഒരു രാജ്യം എന്ന നിലയ്ക്ക് ഇറാന്റെ അവകാശങ്ങളിൽ ഒന്നു മാത്രമാണിത്. എൻ.പി.ടിയിൽ ഒപ്പുവെക്കാൻ വിസമ്മതിച്ചു നിൽക്കുന്ന, തദ്ദേശീയമായി ആണവസാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത, ആണവായുധ പരീക്ഷണങ്ങൾ നടത്തിയ, ഇന്ത്യ പോലും മൈസൂർ കേന്ദ്രമാക്കി സമ്പുഷ്ട യുറേനിയം ഉല്പാദിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും ഇറാന്റെ ആണവ പരിപാടി (സത്യത്തിൽ അങ്ങനെയൊന്ന് നിലനിൽക്കുന്നില്ലെങ്കിലും!) പോലെ ഹീനമായ ഒന്നായി അത് അമേരിക്കയ്ക്ക് അനുഭവപ്പെടുന്നില്ല!

## നിലപാടിലെ വൈരുദ്ധ്യങ്ങൾ

ഇറാനെ അപേക്ഷിച്ച് കൂടുതൽ മേന്മയുള്ളതും തദ്ദേശീയമായി വികസിപ്പിച്ചെടുത്തതുമായ സമ്പുഷ്ടീകരണ സംവിധാനങ്ങൾ സ്വന്തമായുള്ള നിരവധി രാജ്യങ്ങളുണ്ട്. അർജന്റീന, ജർമ്മനി, ഫ്രാൻസ്, ചൈന, റഷ്യ, ബ്രിട്ടൺ, ജപ്പാൻ തുടങ്ങി അണ്വായുധങ്ങൾ സ്വന്തമായുള്ള രാജ്യങ്ങളും, ബ്രസീൽ, ഓസ്ട്രേലിയ തുടങ്ങിയവയും ഏറ്റവും മികച്ച സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. നൂറുശതമാനം സമ്പുഷ്ട യുറേനിയം നിർമ്മിക്കാൻ കഴിവുള്ള ലേസർ എൻറിച്ച്മെന്റ് കേന്ദ്രങ്ങൾ ഈ രാഷ്ട്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. എന്നിട്ടും ഈ രാജ്യങ്ങളൊന്നും അമേരിക്കയുടെ ക്രോധത്തിന് പാത്രമാകുന്നില്ല എന്നുള്ളിടത്താണ് അങ്കിൾ സാമിന്റെ മധ്യ-പൂർവമേഖലകളിലെ രാഷ്ട്രീയലക്ഷ്യം വെളിപ്പെടുന്നത്.

മുഹമ്മദ് അൽ ബറാദി



ആണവായുധ നിർമ്മാണത്തിനുതകുന്ന സമ്പുഷ്ട യുറേനിയം ഉല്പാദന സംവിധാനം ഇറാൻ കരസ്ഥമാക്കിയെന്നാണ് അമേരിക്കയുടെ വാദം. പാകിസ്ഥാൻ ആണവ ശാസ്ത്രജ്ഞനായ അബ്ദുൾ ഖാദിർ ഖാനിൽനിന്നും കൈവശമാക്കിയ 164 സെൻട്രിഫ്യൂഗൽ എൻറിച്ച്മെന്റ് പ്ലാന്റുകളാണ് അമേരിക്കയുടെ വാദത്തിന്റെ അടിസ്ഥാനം. എന്നാൽ, ഈ സാങ്കേതികവിദ്യ കാലഹരണപ്പെട്ടതും തികച്ചും വിശ്വാസയോഗ്യമായ ഒന്നല്ലെന്നും മറ്റാരെക്കാളും നന്നായി അമേരിക്കയ്ക്കറിയാം. ഈ സംവിധാനമുപയോഗിച്ച് ഒരൊറ്റ ആണവോർജ്ജ കേന്ദ്രത്തിനു പോലും ഇന്ധനലഭ്യത ഉറപ്പുവരുത്താനോ, ഒരു ചെറു ആണവായുധനിർമ്മാണത്തിന് ഉതകുന്ന നൂറുശതമാനം സമ്പുഷ്ടീകരിച്ച യുറേനിയം നൽകാനോ സാധ്യമല്ല. ആണവായുധ നിർമ്മാണത്തിനാവശ്യമായ ഇംപ്ലോഷൻ ടെസ്റ്റുകൾ നടത്താനാവശ്യമായ സാങ്കേതികവിദ്യകളോ, പ്ലൂട്ടോണിയം നിർമ്മാണം സാധ്യമാകുന്ന തരത്തിലുള്ള ഒരൊറ്റ ഗവേഷണ നിലയമോ ഇറാനിൽ ഇല്ലെന്നതാണ് വാസ്തവം.

ഇറാന്റെ യുറേനിയം സമ്പുഷ്ടീകരണ ശാലകൾ സ്ഥിതിചെയ്യുന്ന നതാൻസ് ഇന്ന് ആണവായുധ 'ഭീഷണി'യുടെ നിഴലിലാണ്. അതിവിശിഷ്ടമായ ഇസ്ലാമിക് ആർക്കിടെക്ചറുകൾക്ക് പേരുകേട്ട-വേൾഡ് ഹെറിറ്റേജായി പ്രഖ്യാപിക്കപ്പെട്ട ഇസ്ഫഹാൻ പട്ടണത്തിന് തൊട്ടടുത്താണ് നതാൻസ് സ്ഥിതിചെയ്യുന്നത്. ഭൂമിക്കടിയിലുള്ള നിലവറകളിലാണ് ആണവകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെങ്കിലും, ബങ്കർ ബസ്റ്റർ പോലുള്ള സാധാരണ ആയു



ഇറനെതിരായ തന്ത്രങ്ങൾ വിജയിക്കുമോ?: ബറാക് ഒബാമ

ധങ്ങൾ ഉപയോഗിച്ചുപോലും തകർക്കാൻ കഴിയുന്നവയാണീ നിലയങ്ങൾ.

അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ നിരീക്ഷണത്തിലും, ആണവായുധ നിർവ്യാപന കരാറിന്റെ സുരക്ഷാ നിർദ്ദേശങ്ങൾ പാലിച്ചുമാണ് നതാൻസ് നിലയങ്ങൾ പ്രവർത്തിക്കുന്നത്. ഐ.എ.ഇ.എ. വിദഗ്ദ്ധന്മാരും നയതന്ത്രജ്ഞന്മാരും അടങ്ങിയ സംഘം ഈ കേന്ദ്രങ്ങൾ പലപ്പോഴായി സന്ദർശിച്ചിരുന്നു. ഐ.എ.ഇ.എ. തുടർച്ചയായി പുറത്തിറക്കിയ റിപ്പോർട്ടുകളിൽ പരസ്പരവിരുദ്ധമായ നിരവധി അഭിപ്രായങ്ങൾ നടത്തുന്നുണ്ട്. ഒരിടത്ത് ഐ.എ.ഇ.എ. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സാങ്കേതിക പിഴവുകൾ ഇറാൻ വരുത്തുന്നതായി പറയുന്നുണ്ട്. ആയതുകൊണ്ട് അവരുടെ ആണവ പദ്ധതികൾ സമാധാനപരമായ(!) ഉദ്ദേശ്യത്തോടുകൂടിയുള്ളതാണെന്ന് ഉറപ്പിച്ചുപറയാൻ സാദ്ധ്യമല്ലെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അതേസമയം, അവരുടെ മറ്റൊരു റിപ്പോർട്ടിൽ പറയുന്നത്, ഇറാൻ ആണവായുധങ്ങൾ നിർമ്മിക്കാൻ ശ്രമിക്കുന്നതിന് യാതൊരു തെളിവുകളും ഇല്ലെന്നും ആയുധനിർമ്മാണ പരിപാടി അവർക്കുണ്ട് എന്നതിന്റെ കൃത്യമായ യാതൊരു സൂചനയും ഇല്ലെന്നും ആണ്.

ഷാ ഭരണത്തെ പുറത്താക്കിയ ശേഷം അധികാരത്തിൽ വന്ന ആയത്തുള്ള ഖൊമേനി 1979–ൽ ആണവായുധങ്ങൾ അനിസ്ലാമികമാണെന്ന് ഫത്വ പുറപ്പെടുവിക്കുകയുണ്ടായി. ആണവോർജ്ജ പരിപാടികൾ അടക്കമുള്ള എല്ലാ പദ്ധതികളും മരവിപ്പിച്ചു നിർത്തുകയും ചെയ്തിരുന്നു. അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ. അതീവ രഹസ്യമാക്കി സൂക്ഷിച്ചിരുന്ന ഒരു രേഖ പ്രമുഖ പത്രപ്രവർത്തകനായ സെയ്മർ ഹെർഷ് പുറത്തുകൊണ്ടുവരികയുണ്ടായി. ഈ രേഖയിൽ ഇറാൻ ആണവായുധ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പരിപാടിയും നടത്തുന്നതായി സൂചനയില്ലെന്ന് പറയുന്നു. ഈ കാര്യംതന്നെയാണ് ഇറാൻ ഇപ്പോഴും ആവർത്തിച്ചു പറയുന്നത്.

## പെന്റഗണിലെ വിമതസ്വരങ്ങൾ

ഇറാഖിൽ അനുവർത്തിച്ച അതേ നയം തന്നെയാണ് അമേരിക്ക ഇറാനിലും സ്വീകരിക്കാൻ പോകുന്നത്. ഒരേസമയം ഇറാന്റെ ആണവായുധ ഭീഷണിയെക്കുറിച്ച് നുണകൾ പ്രചരിപ്പിക്കുകയും വസ്തുതകൾ വ്യക്തമായി അറിഞ്ഞുകൊണ്ടുതന്നെ സൈനിക ഇടപെടൽ നടത്താൻ

ശ്രമിക്കുകയും ചെയ്യുക എന്നതാണിത്, എന്നാൽ, ഏതു രീതിയിലുള്ള സൈനിക ഇടപെടലും ആണവായുധങ്ങൾ കാട്ടിയുള്ള ഭീഷണിപ്പെടുത്തലുകളും ഇറാനെ പ്രകോപിപ്പിക്കുകയും ആണവായുധങ്ങൾ കൈവശപ്പെടുത്തുന്നതിന് അവരെ നിർബ്ബന്ധിതരാക്കുകയും ചെയ്യും. ഐ.എ.ഇ.എ. മുൻ ഡയറക്ടർ മൊഹമ്മദ് അൽ ബറാദി ഇക്കാര്യം വളരെ സ്പഷ്ടമായിത്തന്നെ പറയുന്നുണ്ട്.

ഒരു ഭാഗത്ത് ഇറാൻ ആണവായുധ ശേഷി കൈവരിക്കുന്നതിനെക്കുറിച്ച് ലോകത്തോട് വേവലാതിയോടെ വിളിച്ചുപറയുമ്പോഴും ആണവായുധങ്ങൾ കാട്ടി അവരെ ഭയപ്പെടുത്തി നിർത്താനാണ് അമേരിക്കയും ഇസ്രായേലും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 'ന്യൂക്ലിയർ പോസ്ചർ റിവ്യൂ' ആണവായുധ ഭീഷണി നേരിടുന്ന രാജ്യങ്ങളുടെ പട്ടികയിൽ, ചൈന, വടക്കൻ കൊറിയ, റഷ്യ എന്നീ രാജ്യങ്ങളുടെ കൂട്ടത്തിൽ ഇറാനെയും ഉൾപ്പെടുത്തിയിരിക്കയാണ്. നാതാൻസ് ആണവകേന്ദ്രങ്ങളെ ബങ്കർ ബസ്റ്റർ ഉപയോഗിച്ച് തകർക്കാനുള്ള സാദ്ധ്യതകളെ ഹെർഷ് വിലയിരുത്തുന്നു. പെന്റഗണിലെ വിമത സ്വരങ്ങളെ നിശ്ശബ്ദമാക്കാൻ അധികാരികൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, അവർ കൂട്ടരാജി 'ഭീഷണി' മുഴക്കുന്നതായും വാർത്തകളുണ്ട്. ഇറാനെതിരായി സൈനികാക്രമണം നടത്തുകയാണെങ്കിൽ രാജി സമർപ്പിക്കുമെന്ന മുതിർന്ന സൈനികോദ്യോഗസ്ഥരുടെ മുന്നറിയിപ്പ് ഭരണകൂടത്തെ അക്ഷരാർത്ഥത്തിൽ വെട്ടിൽ വീഴ്ത്തിയിരിക്കുകയാണ്.

ഇതേസമയം, ഇസ്രായേലിലെ മാദ്ധ്യമങ്ങൾ ഇറാനെതിരായി ആണ

മഹ്മൂദ് അഹ്മദി നെജാദ് ഇറാനിലെ ഒരു ആണവറിയാക്ടറിൽ



വായുധങ്ങൾ അടക്കം ഉപയോഗിച്ചുകൊണ്ടുള്ള സൈനികാക്രമണത്തിന്റെ സാദ്ധ്യതകളെക്കുറിച്ചുള്ള വാർത്തകളാൽ സമൃദ്ധമാണ്. ഇത് സംഭവിക്കേണ്ടതായിരുന്നു എന്ന സ്വരത്തിലാണ് അവർ വാർത്തകൾ പടച്ചുവിടുന്നത്. എന്നിരുന്നാലും ചില പത്രങ്ങൾ കൂടിയാലോചനകളുടെ നയതന്ത്രവഴികൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. രാജാവിനെക്കാളും വലിയ രാജഭക്തി സൂക്ഷിക്കുന്ന ഇസ്രായേൽ നാതാൻസിലെയും മറ്റും ആണവ കേന്ദ്രങ്ങളെ നശിപ്പിക്കാൻ ഉദ്ദേശിക്കുന്നതായ വാർത്തകൾ മധ്യ-പൂർവ മേഖലകളിൽ സംഭ്രമജനകമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ, ഇതിനേക്കാൾ ഭയാനകമായ വാർത്ത റെൻസെ ഡോട്ട് കോം പുറത്തുവിടുകയുണ്ടായി. ആണവായുധങ്ങളടങ്ങിയ ഇസ്രായേൽ ഫൈറ്റർ ബോംബറുകൾ വഹിച്ചുകൊണ്ടുള്ള അമേരിക്കൻ യുദ്ധവിമാനങ്ങൾ ഇറാക്കിന്റെ വ്യോമമേഖലയ്ക്കുള്ളിലൂടെ പറക്കുകയുണ്ടായി എന്നതായിരുന്നു അത്. തങ്ങളുടെ യുദ്ധവിമാനങ്ങൾക്ക് ഇറാക്കിന് മുകളിലൂടെ പറക്കാനുള്ള അനുവാദം ലഭിക്കാനുള്ള കൂടിയാലോചനകൾ അമേരിക്കൻ വായുസേനയുമായി ഇസ്രായേൽ അരംഭിച്ചതായി ബ്രിട്ടനിലെ ഡെയ്‌ലി ടെലിഗ്രാഫ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. വാർത്ത നിഷേധിക്കാൻ ഇസ്രായേൽ ആവർത്തിച്ചു ശ്രമിച്ചിരുന്നുവെങ്കിലും ഈ നിഷേധ പ്രസ്താവനയുടെ വിശ്വാസ്യതയെക്കുറിച്ച് വിദഗ്ദ്ധന്മാർ സംശയം പ്രകടിപ്പിക്കുന്നുണ്ട്.

## ഇറാനുള്ള മുന്തിയ പരിഗണന

വീണ്ടുമൊരു ആണവദുരന്തത്തിന്റെ കാർമേഘങ്ങൾ ലോകമനസ്സാക്ഷിക്ക് മുകളിൽ ഇരുണ്ടുകൂടുകയാണോ എന്ന സന്ദേഹത്തിന് ആക്കം വർദ്ധിക്കുന്ന നടപടികളും പ്രസ്താവനകളുമാണ് ഇറാനെ സംബന്ധിച്ച കാര്യത്തിൽ അമേരിക്കയും ഇസ്രായേലും നടത്തിക്കൊണ്ടിരിക്കുന്നത്. അമേരിക്കയുടെ ഇറാൻ നയത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഒബാമയുടെ ഉപദേശകവൃന്ദത്തിലെ ഒരംഗത്തിന്റെ (പഴയ സി.ഐ.എ. തലവനാണിയാൾ) മറുപടി വളരെ വിചിത്രമായ ഒന്നായിരുന്നു. ബീച്ച് ബോയ്സിലെ Barbara Ann ഗാനത്തെ അനുകരിച്ച് "Bomb, Bomb, Bomb, Bomb, Bomb, Bomb Iran" എന്ന് പാടുകയാണ് അയാൾ ചെയ്തത്. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന സൈനിക ഇടപെടലിന് ഇറാനിൽ അമേരിക്ക കോപ്പുകൂട്ടുന്നുണ്ടെന്നു വേണം ഇതൊക്കെ കൂട്ടിവായിക്കുമ്പോൾ മനസിലാക്കാൻ. ഇറാനിൽ അധിനിവേശം നടത്താനുള്ള അമേരിക്കൻ പദ്ധതി വളരെ സക്രിയമായി മുന്നോട്ടു നീങ്ങുകയാണെന്ന്, അമേരിക്കയുടെ മധ്യ-പൂർവ മേഖലാ വിദഗ്ദ്ധന്മാരെയും നയതന്ത്ര വിദഗ്ദ്ധരുടെയും പ്രസ്താവനകളെയും മുന്നൊരുക്കങ്ങളെയും അവലോകനം ചെയ്തുകൊണ്ട് സെയ്മർ ഹെർഷ് ചൂണ്ടിക്കാട്ടുന്നു. ദ്രുതഗതിയിലുള്ള ഒരു അധിനിവേശ ശ്രമത്തിന് അമേരിക്ക തയാറായാലും ഇല്ലെങ്കിലും അവരുടെ ചൈന, ഉത്തരകൊറിയ അജ്ണ്ടയെക്കാളും മുൻഗണന ഇറാന് നൽകിയിരിക്കുകയാണെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. പേർഷ്യൻ ഗൾഫിനെ ലക്ഷ്യമാക്കിക്കൊണ്ട് ഏറ്റവും കുറഞ്ഞത് രണ്ട് പോർവിമാനങ്ങളും സൈനികരെയും വഹിച്ചുകൊണ്ട് കൂടുതൽ ഉത്തരവുകൾക്കായി സുസജ്ജമായി കാത്തിരിക്കുകയാണ്. മുന്തിയ പരിഗണന നൽകി ഉടൻ പ്രാവർത്തികമാക്കാനുള്ള 'അമേരിക്കയുടെ ഇറാൻ ഫയൽ' ഉയർന്ന ആ സൈനിക ഉദ്യോഗസ്ഥരുടെയിടയിൽ വിമർശനവിധേയമാക്കപ്പെടുന്നുണ്ട്. ഇറാനുമേൽ നടത്തിയേക്കാവുന്ന ആക്രമണം മൂലം ഉണ്ടായേക്കാവുന്ന സംഭവവികാസങ്ങളെ വിദഗ്ദ്ധന്മാർ വിലയിരുത്തുന്നതിങ്ങനെയാണ്:

ഇറാക്കിൽ ഷിയാക്കൾക്ക് മുൻതൂക്കമുള്ള ഗവൺമെന്റ് തകരുകയോ അല്ലെങ്കിൽ അവരുടെ സാങ്കല്പിക സ്പോൺസർമാരായ അമേരിക്കയുടെ പക്ഷത്ത് യുദ്ധവേദിയിൽ അണിനിരക്കുകയോ ചെയ്യും. രണ്ടായാലും, ഇറാക്ക് ഒരു ജനത എന്ന സ്വത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് ആഭ്യന്തര കലഹങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും, അമേരിക്കക്കെതിരായ യുദ്ധത്തിൽ അണിചേരുകയും ചെയ്യും. അമേരിക്കൻ സൈനികരുടെ കൂട്ടക്കൊലകളിലായിരിക്കും ഇത് അവസാനിക്കുന്നത്. ഹോർമുസ് കരയിടുക്കിൽ അമേരിക്കൻ ടാങ്കുകളെയും നാവിക സേനകളെയും പ്രതിരോധിക്കാൻ ഇറാന്റെ നാവിക യൂണിറ്റും, മിസൈൽ യൂണിറ്റുകളുമടങ്ങിയ ആത്മഹത്യാ സ്ക്വാഡുകൾ സുസജ്ജമായി നിലയുറപ്പിക്കും. ഭീകരമായ ആൾനാശത്തിന് ഇത് വഴിവെക്കും.

ഇറാന്റെ എണ്ണ വിപണിയിൽ നിന്ന് അപ്രത്യക്ഷമാകും. സൈനികമോ, ഭരണപരമായതോ ആയ ഇടപെടൽ എണ്ണപ്പാടങ്ങളെ വൻതോതിൽ അഗ്നിക്കിരയാക്കുന്നതിലേക്ക് നയിക്കും. സ്വാഭാവികമായും എണ്ണ വില കുതിച്ചുയരാൻ ഇത് ഇടവരുത്തും. മധ്യ-പൂർവ മേഖല അക്ഷരാർത്ഥത്തിൽ അഗ്നിപ്രളയത്തിൽ അമരും. ഭീകരവാദ പ്രവർത്തനങ്ങൾ വ്യാപകമായി സംഭവിക്കാനുള്ള സാധ്യത. സാമ്പത്തിക തകർച്ച നേരിടുന്ന അമേരിക്കയെ കൂടുതൽ പാപ്പരാക്കും. ആണവായുധങ്ങൾ ഉപയോഗപ്പെടുത്താനുള്ള ഏതു തീരുമാനവും ഭയാനകമായ വിപത്തിലേക്ക് നയിക്കും. അത്തരമൊരു ഭീതിദമായ അവസ്ഥയിലേക്ക് എത്തിപ്പെടാതിരിക്കാനുള്ള സാധ്യതകൾ എന്തൊക്കെയാണ്. ലോകത്തെ മുഴുവൻ അദ്ഭുതപ്പെടുത്തിക്കൊണ്ട് അമേരിക്കൻ ഭരണകൂടം വിവേകപൂർവമായ തീരുമാനങ്ങൾ കൈക്കൊള്ളണം. ഒബാമയുടെ ഇറാൻ നയത്തിനെതിരെ അമേരിക്കൻ കോൺഗ്രസ്സിൽ ശക്തമായ എതിർപ്പുണ്ടാകണം. ഇറാൻ പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് പിന്തിരിയാൻ മുതിർന്ന സൈനികോദ്യോഗസ്ഥരുടെ രാജിഭീഷണി ഫലിക്കേണ്ടിയിരിക്കുന്നു.

ഒരു യുദ്ധം ഒഴിവായിക്കിട്ടാനായി സംഭവിക്കേണ്ട മേൽപ്പറഞ്ഞ കാര്യങ്ങൾക്കൊക്കെ വിദൂര സാധ്യതകൾ മാത്രമേയുള്ളൂ എന്നതാണ് ലോകമനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്ന സംഗതി. അമേരിക്കൻ വ്യോമസേന വഴി ഇസ്രായേൽ പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകളും തള്ളിക്കളയാൻ കഴിയില്ലെന്നും വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. ●